കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് എസ്റ്റാബ്ലിഷ്മെന്റ് ശ്രീ . വി.എസ് ബഷീറിന് ഗാർഡായി ഉദ്യോഗത്തിൽ പ്രവേശിക്കുവാനുള്ള കാലാവധി 11-03-1990 വരെ നീട്ടികൊണ്ടു ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യ ജീവി (എ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നം. 89/90/വനം, തിരുവനന്തപുരം തീയതി 07 -02-1990

---

പരാമർശം: 1. ശ്രീ.വി.എസ്.ബഷീറിന്റെ 13-11-89 ലെ നിവേദനം

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18-12-89 ലെ ഇ 7-64218/89 നമ്പർ കത്ത്

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലാ റിക്രൂട്ട്മെന്റ് ബോർഡിന്റെ അഡ്വൈസ് അനുസരിച്ച് ശ്രീ.വി.എസ്. ബഷീറിനെ (വലിയപറമ്പിൽ വീട്, പടിയം, കണ്ടശ്ശാംകടവ് പി .ഒ, തൃശ്ശൂർ) തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ 1-09-89 ലെ സേവന ഉത്തരവു പ്രാകാരം വനം വകുപ്പിൽ ഗാർഡായി നിയമിച്ചു കൊണ്ടു ഉത്തരവു നൽകിയിരുന്നു.6-10-89-ൽ ഉത്തരവു കൈപ്പറ്റിയ ശ്രീ. ബഷീർ താൻ വാതരോഗ ചികിൽസയിലായതിനാൽ സർവ്വീസിൽ പ്രവേശിക്കുവാനുള്ള കാലാവധി 11-03-1990 വരെ നീട്ടി കൊടുക്കണമെന്ന് പരാമർശം ഒന്നിലെ നിവേദനത്തിൽ ആവശ്യപ്പെട്ടു.

2. വിശദമായ പരിശോധനക്കു ശേഷം ഒരു പ്രത്യേക കേസ്സായി പരിഗണിച്ചു ശ്രീ. വി.എസ്. ബഷീറിന് ഗാർഡായി ജോലിയിൽ പ്രവേശിക്കുവാനുള്ള കാലാവധി 11-03-1990 വരെ നീട്ടികൊടുത്തു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

3. ശ്രീ. ബഷീറിന്റെ സീനിയോറിറ്റി ജനറൽ റൂൾ 27 (സി) ക്കുള്ള ഒന്നാമത്തെ പ്രൊവൈസോ പ്രകാരം നിശ്ചയിക്കേണ്ടതാണെന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് മേൽ ഉത്തരവ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ആർ. ദിവാകർ നായർ,
അണ്ടർ സെക്രട്ടറി.

ശ്രീ. വി.എസ്.ബഷീർ, വലിയപറമ്പിൽ വീട്, പടിയം,

കണ്ടശ്ശാംകടവ് പി.ഒ., തൃശ്ശൂർ.

ഇണ്ടാസ് നം. -64218/89 തീയതി 14.2.90

----------------------------------

പകർപ്പ് ഡിവിഷണൽ ഫോറസ്റ്റാഫീസർ, തൃശ്ശൂർ, കൺസർവേറ്റർ, തൃശ്ശൂർ എന്നിവർക്ക് അയക്കുന്നു.

(ഒപ്പ്)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി

ലി.8/8

ജൂനിയർ സൂപ്രണ്ട്